# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*274

07-10-2016 ൽ മറുപടിയ്ക്ക്

## നെൽകൃഷിക്ക് പ്രോത്സാഹനം നൽകാൻ നടപടി

**ചോദ്യം**
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. കെ. ബാബു
ശ്രീ. കെ.കുഞ്ഞിരാമൻ
ശ്രീ. കെ.ഡി.പ്രസേനൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി വർഷാഘോഷം ഏതു വിധം കൃഷിക്ക് പ്രോത്സാഹനമായി മാറ്റാനാണ് ലക്ഷ്യമിടുന്നത്; പദ്ധതിയുടെ ഭാഗമായി കൃഷി വ്യാപ്തിയും ഉല്പാദനക്ഷമതയും എങ്ങനെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ; | (എ) | 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഒരു വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. "നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിച്ച് അരി നൽകുക എന്ന ലക്ഷ്യത്തോടെ ഒരോ ജില്ലയിലും നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ വീതം തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും, വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.<br>നെൽകൃഷി മേഖലയിൽ പുതിയ ഉണർവ്വ് |

സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധ മേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി തീയതി 11/08/2016 പ്രകാരം ഉത്തരവായിട്ടുണ്ട്.

നെൽകൃഷി വിസ്തീർണ്ണം, ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെ വിവരിച്ചിട്ടുള്ള നെൽകൃഷിവികസന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു.

1. സുസ്ഥിര നെൽകൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. വൈവിധ്യമാർന്ന പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.
5. കരനെൽകൃഷി വികസനം
6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി.(നോൺ പ്ലാൻ)
8. ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി ( NFSM)

ആർ.കെ.വി.വൈ പദ്ധതി പ്രകാരം (ഹെക്ടറിന് 7500/- രൂപ) 2000 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലഭ്യമായ എല്ലാ കരപ്രദേശങ്ങളിലും കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും, തരിശുകിടക്കുന്ന എല്ലാ പാടശേഖരങ്ങളിലും നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു

| | | | |
|---|---|---|---|
| | | | വരുന്നു.<br>റാണികായൽ, മെത്രാൻ കായൽ, ആറന്മുള എന്നിവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |
| (ബി) | നെൽകൃഷി നേരിടുന്ന മുഖ്യപ്രശ്നങ്ങൾ ഉയർന്ന ഉല്പാദനച്ചെലവും അപര്യാപ്തമായ വിലയുമായതിനാൽ ഇത് പരിഹരിക്കാനായി, മുൻ സർക്കാർ നിർത്തലാക്കിയ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പുന:സ്ഥാപിക്കുമോ; | (ബി) | നെൽകൃഷിയുടെ ഉൽപ്പാദന ചെലവ് കറക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം 1988-1989 വർഷം ആരംഭിച്ചത്. ഈ പദ്ധതി ഇപ്പോഴും തുടർന്നു വരുന്നുണ്ട്. 10 ഹെക്ടർ മുതൽ 50 ഹെക്ടറും അതിനുമുകളിലുമുള്ള നിലങ്ങൾ ഒരുമിച്ച് ചേർത്ത് ഒരു പാടശേഖരസമിതി രജിസ്റ്റർ ചെയ്ത് ഈ സമിതി മുഖാന്തിരമാണ് ഓരോ പാടശേഖരത്തിന്റേയും കൃഷി നടപ്പിലാക്കുന്നത്. നെൽകൃഷിയുടെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് ഒരേ സമയം കാർഷിക പ്രവർത്തനങ്ങൾ, യന്ത്രവൽക്കരണം ഉൾപ്പെടെ നടപ്പിലാക്കുന്നതു വഴി ഉൽപ്പാദന ചെലവ് 20-40 ശതമാനം വരെ കറക്കുവാൻ സാധിക്കുന്നു. |
| (സി) | യന്ത്രവൽക്കരണം അനിവാര്യമായിടത്ത് അതിനുവേണ്ട യന്ത്രങ്ങൾ കൃഷി ഭവനുകൾ മുഖേനയോ സഹകരണ സംഘങ്ങൾ മുഖേനയോ ഏർപ്പാടാക്കുമോ; | (സി) | നിലവിൽ കാർഷിക യന്ത്രങ്ങൾ കൃഷിഭവൻ, ഗ്രൂപ്പ്ഫാമിംഗ് സമിതികൾ, അഗ്രോസർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവ മുഖാന്തിരം കർഷകർക്ക് ഏർപ്പാടാക്കുന്നുണ്ട്.<br>കാർഷിക യന്ത്രങ്ങൾ, സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ എന്ന പദ്ധതിയിലൂടെ ഗ്രൂപ്പ്ഫാമിംഗ് സമിതികൾക്കും, വ്യക്തികൾക്കും, ധന സഹായത്തോടുകൂടി ലഭ്യമാക്കുന്നതിനായി 500 ലക്ഷം രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 2016-2017 വർഷം ദേശീയഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ നെൽകർഷകർക്ക് സബ്സിഡി നിരക്കിൽ കോണോവീഡർ. സ്പ്രേയറുകൾ, റോട്ടോവീറ്ററുകൾ, ഞാറ് നടീൽ യന്ത്രങ്ങൾ, പമ്പ്സെറ്റുകൾ മുതലായവ നൽകുന്നതിനായി 36.75 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ട്. |
| (ഡി) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിഭവനുകളുടെ പങ്ക് തൃപ്തികരമാണോ; അല്ലെങ്കിൽ കാരണമെന്താണെന്ന് | | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിഭവൻ മുഖ്യ പങ്കു വഹിക്കുന്നുണ്ട്. പുതിയ സാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കുക, |

| | | | |
|---|---|---|---|
| | പരിശോധിച്ച് തിരുത്തൽ നടപടി യെടുക്കുമോ? | | കൃത്യസമയത്ത് നെൽകൃഷി നടപ്പിലാക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ, ഓരോ കാലാവസ്ഥയ്ക്കനുസൃതമായി നെൽകൃഷിക്ക് നേരിടേണ്ടി വരുന്ന കീടരോഗ ബാധകളെക്കുറിച്ചും അവയുടെ നിവാരണ മാർഗ്ഗങ്ങളെക്കുറിച്ചും കർഷകർക്ക് നിർദ്ദേശങ്ങൾ നൽകുന്നു, അതാത് സമയങ്ങളിൽ കർഷകന്റെ പാടത്തുപോയി കർഷകർ പ്രാവർത്തികമാക്കേണ്ട പരിചരണങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്നു. ഉല്പാദനശേഷി കൂടുതലുള്ള വിത്തിനങ്ങൾ, മറ്റുൽപ്പാദനോപാധികളെന്നിവ സമയബന്ധിതമായി കർഷകർക്ക് എത്തിച്ചുകൊടുക്കുന്നു, നെൽവയലുകളുടെ അനധികൃത പരിവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുന്നു. ഇത്തരത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും കൃഷിഭവൻ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ